# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.33/2024 തിരുവനന്തപുരം, തീയതി: 09/02/2024

## പത്രക്കുറിപ്പ്

## കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

കേരള സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒന്നാം സെമസ്റ്റർ ബി.എഡ്. വിദ്യാർത്ഥികൾക്ക് 2023-24 അധ്യയന വർഷത്തിൽ രണ്ടാം സെമസ്റ്ററിലേക്ക് കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ ഒന്നാം സെമസ്റ്ററിൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവരാകണം. കോളേജ് മാറ്റം ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും കെ.യു.സി.റ്റികൾ തമ്മിലും അനുവദിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ബിരുദ/ബിരുദാനന്തര പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ സഹിതം പഠിക്കുന്ന കോളേജിലെയും ചേരാൻ ഉദ്ദേശിക്കുന്ന കോളേജിലെയും പ്രിൻസിപ്പാൾമാരുടെ ശുപാർശയോടൊപ്പം 1050/- രൂപ ഫീസടച്ച് സർവകലാശാലയിൽ 2024 ഫെബ്രുവരി 26 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടക്കേണ്ടതാണ്. അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി 2024 ഫെബ്രുവരി 26. അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം സെമസ്റ്റർ (2020 സ്കീം – റെഗുലർ – 2023 അഡ്മിഷൻ) മാർച്ച് 2024 പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ 2024 ഫെബ്രുവരി 14 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ഫെബ്രുവരി 17 വരെ ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഒക്ടോബറിൽ നടത്തിയ നാല്, ആറ്, എട്ട് സെമസ്റ്റർ ബി.എഫ്.എ. (എച്ച്.ഐ.) പെയിന്റിംഗ് ആന്റ് അപ്ലൈഡ് ആർട്ട്, സെപ്റ്റംബറിൽ നടത്തിയ പത്താം സെമസ്റ്റർ ബി.എഫ്.എ. (എച്ച്.ഐ.) പെയിന്റിംഗ് ആന്റ് അപ്ലൈഡ് ആർട്ട് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധന യ്ക്കും 2024 ഫെബ്രുവരി 27 വരെ അപേക്ഷിക്കാം.

## ഓൺലൈൻ ക്ലാസ്സുകൾ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ആറാം സെമസ്റ്റർ ബി.എ./ബി.കോം./ബി.ബി.എ. (2021 അഡ്മിഷൻ) യു.ജി. പ്രോഗ്രാമുകളുടെ ഓൺലൈൻ ക്ലാസ്സുകൾ 2024 ഫെബ്രുവരി 10 ന് ആരംഭിക്കുന്നു. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

## ഗവേഷക വിദ്യാർത്ഥി യൂണിയൻ 2023-24 തെരെഞ്ഞെടുപ്പ്

കേരളസർവകലാശാല ഗവേഷക വിദ്യാർത്ഥി യൂണിയൻ 2023-24 തെരെഞ്ഞെടുപ്പിന്റെ വിജ്ഞാപനം, വോട്ടർ പട്ടിക, എന്നിവ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വോട്ടർ പട്ടിക സംബന്ധിച്ച തിരുത്തലുകൾ, ഒഴിവാക്കലുകൾ, കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്കുള്ള അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം 2024 ഫെബ്രുവരി 12 വൈകുന്നേരം 5 മണിയ്ക്കകം സർവകലാശാല രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**